**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **11-10-2024 - ൽ മറുപടിയ്ക്ക്**

**അരുകുറ്റിയിൽ നിന്ന് എറണാകുളത്തേക്ക് ബോട്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയിൽ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്നതിനാൽ ജനങ്ങളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനായി അരുകുറ്റിയിൽ നിന്ന് എറണാകുളത്തേക്ക് ബോട്ട് സർവീസ് അനുവദിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പ് ട്രാഫിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ പ്രാഥമികമായ ഒരു റൂട്ട് സർവ്വേ ഘട്ടങ്ങളായി നടത്തിയിരുന്നു. മേല്പറഞ്ഞ ജലപാതയിൽ വകുപ്പിന്റെ ബോട്ടുകൾ ഒന്നും തന്നെ നിലവിൽ സർവീസ് നടത്തുന്നില്ല. റൂട്ട് സർവ്വേ നടത്തിയതിൽ നിന്നും അരൂർ പാലത്തിനു മുൻപും, പാലം കടന്നതിനു ശേഷം തേവര വരെ എത്തുന്ന പല സ്ഥലങ്ങളിലും ആഴക്കുറവ് അനുഭവപ്പെട്ടിരുന്നു. ആഴക്കുറവ് ഉള്ള സ്ഥലങ്ങളിൽ കൂടി സർവീസ് നടത്തുന്ന ജലയാനങ്ങളുടെ പ്രൊപ്പല്ലർ, റഡാർ എന്നിവ തകരാർ ആകുന്നതു നിരന്തരമായ സർവീസ് മുടക്കത്തിനും കാരണമാകുന്നതും, ആയതു അധിക ബാധ്യത ഉണ്ടാക്കുന്നതുമാണ്. ശക്തമായ വേലിയേറ്റവും വേലിയിറക്കവും ഉണ്ടാകുന്ന മേഖല എന്ന നിലയിൽ ബോട്ടു ചാലുകളിൽ പല സ്ഥലങ്ങളിലും ചെറിയ മൺതിട്ടകൾ രൂപപ്പെട്ടിരിക്കുന്നതായും മനസിലാക്കുന്നു. കൂടാതെ എറണാകുളം വരെ ഉള്ള ബോട്ടു ചാലുകളിൽ പല സ്ഥലങ്ങളിലും ഊന്നി വല കുറ്റികൾ ധാരാളമായി സ്ഥാപിച്ചിട്ടുള്ളതിനാൽ ഒരേ സഞ്ചാരപാതയിലൂടെ ബോട്ടിനു സഞ്ചരിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ധാരാളം സമയനഷ്ടം ഉണ്ടാക്കുന്നതുമാണ്. പഴയ ഊന്നിവല കുറ്റികൾ ദ്രവിച്ചു വെള്ളത്തിനടിയിൽ നിൽക്കുന്നത് മൂലമുള്ള അപകടസാധ്യതയും മുന്നിൽ കാണുന്നു. എറണാകുളം മേഖലയിലേക്ക് എത്തിച്ചേരുവാൻ കൊച്ചി നേവൽ ബേസ് കടക്കുന്നതിന് നിലവിൽ നേവിയുടെ പരിശീലനത്തിന്റെ ഭാഗമായിട്ടുള്ള സുരക്ഷാ പരിശോധനകൾ മുന്നറിയിപ്പ് കൂടാതെ നടക്കാറുള്ളതും ബോട്ട് സർവീസിന് സമയക്ലിപ്തത പാലിക്കുന്നതിനു തടസ്സമാകുന്നതാണ്. ടി മേഖല സ്ഥിരം ബോട്ട് സർവീസ് റൂട്ട് അല്ലാത്തതിനാൽ ബോട്ട് ചാലിന്റെ നിലവിലുള്ള ആഴം സംബന്ധിച്ചുള്ള റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കണം. ഇതിലേക്കായി ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തുന്നതിന് തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതുണ്ട്. ആഴക്കുറവ് ഉള്ള ഭാഗങ്ങൾ ഡ്രഡ്ജിങ് നടത്തി ആഴം വർധിപ്പിക്കേണ്ടതും, ചാലിലെ മറ്റു തടസ്സങ്ങൾ നീക്കം ചെയ്യേണ്ടതുമുണ്ട്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഒരു റൂട്ട് സർവ്വേ കൂടി നടത്തിയും മറ്റു മേഖലകളിൽ നിന്നുമുള്ള ബോട്ട് പ്രയോജനപ്പെടുത്തിയും പാണാവള്ളി അരൂക്കുറ്റി - എറണാകുളം ബോട്ട് റൂട്ട് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | വൈക്കം-എറണാകുളം റൂട്ടിൽ സർവീസ് നടത്തിയിരുന്ന വേഗാ ബോട്ട് നിലവിൽ ഏത് റൂട്ടിലാണ് സർവീസ് നടത്തുന്നതെന്നും, എത്ര നാളുകളായി പ്രസ്തുത റൂട്ടിൽ സർവീസ് നടത്താൻ തുടങ്ങിയിട്ടെന്നും വിശദമാക്കാമോ? | (ബി) | വേഗ ബോട്ട് 10/06/2024 - മുതൽ എറണാകുളം - ഫോർട്ട് കൊച്ചി റൂട്ടിലാണ് സർവീസ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ